# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 681 — 01.11.2011-ൽ മറുപടിക്ക്

## ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിലവിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; | (എ) ഈ സർക്കാർ നിലവിൽ വന്നശേഷം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.<br>നബാർഡിന്റെ ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ (സ്പാൻ) സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി പദ്ധതിഘടകങ്ങൾ യുക്തമായ രീതിയിൽ പാക്കേജുകളാക്കി. 1.5 കോടിയിൽ കൂടുതൽ അടങ്കൽ തുകയുള്ളവ ടെണ്ടർ ചെയ്യുന്നതിന് ഇ-ടെൻഡർ സംവിധാനം സ്വീകരിച്ചു. ടെണ്ടറുകൾ വേഗം തീർപ്പാക്കുന്നതിന് അതോറിറ്റി മേഖലാ ചീഫ് എഞ്ചിനീയർ തലത്തിലും ഹെഡ് ഓഫീസ് തലത്തിലും ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കുകയും സർക്കാർ തലത്തിൽ എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പുതലത്തിൽ പദ്ധതി പുരോഗതി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നബാർഡ് (സ്പാൻ) പദ്ധതികളിൽ നടപ്പിലാക്കിയതുപോലെയുള്ള ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി |

പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നത് ഉറപ്പുവരുത്താൻ താഴെപറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയർമാർ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി ബോർഡ് എന്നിവ കൂടാതെ സർക്കാർ തലത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പുമന്ത്രി തലവനായിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി ചെയർമാനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ നിലവിലുണ്ട്. ജില്ലാതലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

കേരളാ വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ളതും വിവിധ കാരണങ്ങൾ മൂലം മന്ദഗതിയിലായതുമായ കുടിവെള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ടുകൾ നഷ്ടപ്പെടാൻ ഇടവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്നതും പുതുതായി എസ്.എൽ.എസ്.എസ്.സി അംഗീകാരം ലഭിക്കുന്നതുമായ പദ്ധതികൾക്കാണ് എൻ.ആർ.ഡി.ഡബ്ല്യൂ.പി (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം)യിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭിക്കുന്നത്. ഓരോ വർഷവും ചെലവഴിക്കുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. കേന്ദ്ര വിഹിതം ലഭിക്കുന്നതിന് ഇതുവരെ തടസ്സമുണ്ടായിട്ടില്ല. |
| (സി) | ഇത്തരത്തിൽ ഫണ്ട് നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | കേന്ദ്രഫണ്ട് ഇതുവരെ നഷ്ടമായിട്ടില്ല. |

സെക്ഷൻ ഓഫീസർ